# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും
(പ്രാബല്യം: 2020 ഒക്ടോബർ 28 മുതൽ നവംബർ 01 വരെ)

## കോഴിക്കോട് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.കെ.ഡി. 86/2020 | തീയ്യതി: 27/10/2020 |
|---|---|

### എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 1.4 | 30.2 – 33.5 | 23.8 – 25.5 | 68– 92 | 0-04 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 28.10.2020 | 29.10.2020 | 30.10.2020 | 31.10.2020 | 01.11.2020 |
|---|---|---|---|---|---|
| മഴ, മി.മീ | 2 | 5 | 12 | 18 | 35 |
| കൂടിയ താപനില, °C | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില, °C | 25 | 25 | 25 | 25 | 25 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 12 | 8 | 8 | 10 | 8 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 290 | 250 | 230 | 270 | 270 |
| മേഘ വിന്യാസം, ഒക്ടാ | 8 | 7 | 7 | 7 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | **ഇടിയോടു കൂടി മഴ പെയ്യാൻ സാധ്യതയുണ്ട്. ഉച്ചതിരിഞ്ഞുള്ള സമയങ്ങളിൽ പാടത്തു ജോലി ചെയ്യുന്നവർ ശ്രദ്ധിക്കുക. കന്നുകാലികളെ തുറന്ന സ്ഥലങ്ങളിൽ മേയാൻ വിടരുത്.**<br>കൊയ്ത്തു വൈകിയ പാടങ്ങളുണ്ടെങ്കിൽ വേഗം കൊയ്തെടുക്കുക. നെല്ല്, റബ്ബർ, കൊപ്ര എന്നിവ തുറന്ന സ്ഥലങ്ങളിൽ ആണ് ഉണക്കുന്നതെങ്കിൽ വൈകുന്നേരങ്ങളിൽ മഴനനയാത്തിടത്തേക്കു മാറ്റി വെക്കുക | | |
| നെല്ല് | വിവിധ ഘട്ടം | കുഴൽ പുഴു  | കരി ഓയിലോ മണ്ണെണ്ണയോ മുക്കിയ ഒരു കയർ നെല്ലോലകളുടെ മുകളിലൂടെ വലിച്ചു പുഴുക്കളെ വെള്ളത്തിലേക്ക് തള്ളിയിട്ടു വെള്ളം വാർത്തു കളയുക. പാടത്തു വെള്ളം വാർത്തതിന് ശേഷം മണ്ണെണ്ണ 1 L / അറക്ക പൊടി/ 25 kg മണൽ ഒരേക്കറിലേക്ക് വിതറുക |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | കൊമ്പൻ ചെല്ലി<br><br>ഉയരം കുറഞ്ഞ തെങ്ങിനങ്ങൾ പൊതുവെ കൂടുതൽ ആക്രമണ വിധേയരാണ് | തെങ്ങിന്റെ അഗ്രഭാഗത്തുനിന്നും ചെല്ലിക്കോൽ ഉപയോഗിച്ച് വണ്ടുകളെ കുത്തിയെടുത്ത് നശിപ്പിക്കുക. ബോർഡോ കുഴമ്പ് കൊണ്ട് വണ്ടുകൾ തുരന്ന ദ്വാരം നിറക്കുന്നത് മുറിവിൽ കൂടി ഉണ്ടായേക്കാവുന്ന പൂപ്പൽ ബാധയെ തടയാൻ സഹായിക്കും.<br><br>2.തെങ്ങിന്റെ മണ്ട വൃത്തിയാക്കിയ ശേഷം 6 ഗ്രാം ഫെർട്ടറ (Ferterra) 250ഗ്രാം മണലും കൂട്ടിക്കലർത്തിയ മിശ്രിതം നിക്ഷേപിക്കുക. ഈ പരിചരണം 3 പ്രാവശ്യം -ജനുവരി, മെയ്, സെപ്റ്റംബർ മാസങ്ങളിൽ ചെയ്യേണ്ടതാണ്.<br><br>തോട്ടങ്ങളിൽ സമ്പൂർണ്ണ ശുചിത്വം അവലംബിക്കുക. |
| വാഴ | വിവിധഘട്ടം | ഇലപ്പുള്ളി രോഗം<br> | രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. ഒരാഴ്ചക്കുള്ളിൽ തന്നെ ഒരു ശതമാനം ബോർഡോമിശ്രിതം ലിറ്ററിന് ഒരു മില്ലി പശ കൂടി ചേർത്ത് തളിക്കുക.<br><br>രോഗം അധികരിക്കുന്നുവെങ്കിൽ പ്രൊപിക്കാനോസോൾ 25 EC ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ നേർപ്പിച്ച് തളിക്കുക |
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം<br> | മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക.<br><br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക.<br><br>ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |
| വെള്ളരി വർഗ്ഗ വിള | വളർച്ചാ ഘട്ടം | മൃദുരോമ പൂപ്പൽ രോഗം<br> | വെള്ളരി വർഗ്ഗ വിളകളിൽ മൃദുരോമ പൂപ്പൽ രോഗം പടരാൻ സാധ്യത. മുൻ കരുതലായി 'മാങ്കോ സെബ്ണ്ണ' 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി ഇലകളുടെ ഇരു വശത്തും തളിക്കുക. രോഗം കാണുകയാണെങ്കിൽ 'അക്കോമിൻ' 3 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 15 ദിവസ ഇടവേളകളിൽ മൂന്നു തവണ തളിക്കുക. രോഗബാധിത ഇലകൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക. |
| പാവയ്ക്ക | വളർച്ചാ ഘട്ടം | ബാക്റ്റീരിയൽ വിൽറ്റ്<br> | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക. സ്ട്രെപ്റ്റോസൈക്ലിൻ ഗുളിക ഒരെണ്ണം 2ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് തളിച്ച് കൊടുക്കുക. |

| | | | |
|---|---|---|---|
| കവുങ്ങ് | വിവിധ ഘട്ടം | ചീയൽ  | രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റുക.അകോമിൻ 8മില്ലി 1ലി.വെള്ളത്തിൽ എന്ന തോതിൽ പശ ചേർത്ത് 25 ദിവസത്തെ ഇടവേളയിൽ തളിക്കുക. അല്ലെങ്കിൽ രോഗം വരാതിരിക്കാനായി കൊസൈഡ് 2ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. കുമ്മായം 1കിഗ്രാം ഒരു കവുങ്ങിന് എന്ന തോതിൽ നൽകുക(മഴക്കാലത്തിനു മുൻപും ശേഷവും രണ്ട് ഘട്ടങ്ങളായി 500 ഗ്രാം ഒരു കവുങ്ങിന് എന്ന തോതിൽ). |

ഒപ്പ് /-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി